# ഫിലെമോൻ
# മുഖവുര

പൗലൊസിന്റെ എഴുത്തുകളുടെ ഏകദേശം അവസാനമെന്ന നിലയിൽ പുതിയനിയമത്തിൽ മറഞ്ഞു കിടക്കുന്ന ലേഖനമായി ഫിലെമോന്ന് എഴുതിയ ലേഖനത്തെ നമുക്ക് കാണാം. ഇരുപത്തി-യഞ്ചു ചെറിയ വാക്യങ്ങൾ മാത്രമുള്ള ഈ ലേഖനം പലപ്പോഴും വളരെ എളുപ്പത്തിൽ അവഗണിക്കപ്പെടുകയോ അല്ലെങ്കിൽ കാണാതെ പോകുകയോ ചെയ്തിരിക്കുകയാണ്. ഈ ചെറിയ ലേഖനത്തിൽ വലിയ ഉപദേശപരമായ ചർച്ചകളോ മനഃപ്പാഠ വാക്യങ്ങളോ ഇല്ല. "എന്തിനാണ് ഇത് ബൈബിളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?" എന്നു പോലും ചോദിക്കപ്പെട്ടിട്ടുണ്ട് എങ്കിലും അത് തിരുവെഴുത്തിലെ പ്രധാന ഭാഗമായി തന്നെ തുടരുന്നു, കാരണം ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് ക്രിസ്തീയ വിശ്വാസത്തിന് പ്രേരിപ്പിക്കുന്ന ശ്രേഷ്ടകാര്യങ്ങൾ അന്യോന്യമുള്ള ബന്ധത്തിൽ, മാതൃകയായി സ്വീകരിക്കാവുന്നതായി തന്നെ ഇരിക്കുന്നു.

ഉത്തരം നൽകാത്ത പല ചോദ്യങ്ങളും ഈ ലേഖനത്തിൽ കാണാം. ഫിലെമോനും, അപ്പിയെക്കും, അർക്കിപ്പൊസിനും തമ്മിലുള്ള ബന്ധം എന്താണ്? ഒനേസിമോസ് എങ്ങനെയാണ് ഒരു ദാസൻ ആയി തീർന്നത്? ഒനേസിമോസ് ഒരിക്കലും തിരിച്ചു വരാത്ത വിധത്തിൽ ഒളിച്ചോടിയതാണോ? അതോ അവൻ പൗലൊസിന്റെ സഹായം തേടിയതായിരുന്നോ? അവൻ എങ്ങനെയാണ് പൗലൊസിനെ കണ്ടെത്തിയത്? ഒനേസിമോസിനും ഫിലെമോനും തമ്മിലുള്ള വ്യക്തിപരമായ ബന്ധം എന്താണ്? ചുരുക്കത്തിൽ ഈ ലേഖനത്തിന്റെ പശ്ചാത്തലം നമുക്ക് അറിയില്ല.

എങ്ങനെയായാലും, ഈ രഹസ്യ സ്വഭാവത്തിലുള്ള സംഭവങ്ങളിലെ മൂലകങ്ങൾ വളരെ വ്യക്തമാണ്. ഒരു ദാസന്റെ ഉടമസ്ഥനായിരുന്ന ഫിലെമോൻ പൗലൊസിന്റെ പ്രസംഗം കേട്ട് പരിവർത്തനം ചെയ്തവനായിരുന്നു. ഫിലെമോന്റെ ദാസൻ ആയിരുന്ന ഒനേസിമോസ് റോമിലേക്ക് പോകുകയും അവിടെ വെച്ച് അവൻ പൗലൊസിനാൽ പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. ആ സമയത്ത് തടവിലായിരുന്ന പൗലൊസ് ഒനേസിമോനെ അവന്റെ യജമാനനായിരുന്ന ഫിലെമോന്റെ അടുക്കലേക്ക് നിരപ്പ് പ്രാപിക്കുന്നതിനായി അയക്കുകയാണ്. ഒനേസിമോസിനെ കർത്താവിൽ സഹോദരനായി കാണുവാൻ ഉത്തേജിപ്പിച്ചുകൊണ്ടുള്ള ഒരു കത്തുമായിട്ടാണ് പൗലൊസ് ഒനേസിമോസിനെ ഫിലെമോന്റെ അടുക്കലേക്ക് അയക്കുന്നത്.

അപ്പൊസ്തലനും, ദാസനും, ദാസന്റെ-ഉടമസ്ഥനും ഇപ്പോൾ ഒരു പുതിയ വിഷമ സന്ധി നേരിടുകയാണ്. യേശുക്രിസ്തുവുമായുള്ള അവരുടെ ബന്ധവും, അതിനെ തുടർന്ന്, താഴ്മയോടെ, ഉയർന്ന നിലവാരത്തിൽ അന്യോന്യം ബന്ധപ്പെടുന്നതിനും അവർക്ക് അവസരം നേരിട്ടു. അപ്പൊസ്തലനായ പൗലൊസ് ഫിലെമോന്നു ലേഖനം എഴുതിയപ്പോൾ അത്തരം ഒരു വെല്ലുവിളിയാണ് നേരിട്ടത്. അന്നുണ്ടായിരുന്ന അടിമത്വ സമ്പ്രദായം ഇന്ന് ഇല്ലാത്തതിനാൽ നമുക്ക് ദൈവത്തെ സ്തുതിക്കാം, എന്നാൽ സഹക്രിസ്ത്യാനികളായി ഓരോരുത്തരോടു പെരുമാറുക എന്നതും ആത്മാർത്ഥമായി സഹോദരീ

സഹോദരന്മാരായി ജീവിക്കുക എന്നും വലിയ വെല്ലുവിളി തന്നെയാണ്. അത് വാസ്തവമായിരിക്കുന്നേടത്തോളം, ഇരുപത്തി-യഞ്ചു വാക്യങ്ങളുള്ള ഫിലെമോനുള്ള പൗലൊസിന്റെ ഈ ലേഖനം സഭയ്ക്ക് പ്രധാനപ്പെട്ട ഉദ്ദേശം നിറവേറ്റുന്നതു തന്നെയാണ്.

## ലേഖകൻ

ലേഖനത്തിലെ ആദ്യ വാക്കിൽ, ലേഖകൻ തന്നെ “പൗലൊസ്” എന്നു പരിചയപ്പെടുത്തുകയാണ്. അവൻ ഇത് എഴുതുമ്പോൾ, അവൻ “ക്രിസ്തു യേശുവിന്റെ ബദ്ധനും” (വാ. 1), “പൗലൊസ് എന്ന വയസനും” എന്നാണ് പറഞ്ഞത് (വാ. 9). തന്റെ ജീവിതത്തിലെ അവസാന കാലഘട്ടത്തിൽ തടവിലായിരുന്നപ്പൊൾ അപ്പൊസ്തലനായ പൗലൊസ് ആണ് ഈ ലേഖനം എഴുതിയത് എന്ന് എല്ലാ സൂചനകളാലും നമുക്ക് തീർച്ചപ്പെടുത്താവുന്നതാണ്. ചിലർ (ഉദാഹരണമായി, ഫെർഡിനന്റ് ബാവറും പത്തൊമ്പതാം-നൂറ്റാണ്ടിലെ ടുബിഞ്ചൻ സ്കൂളും) ആ കാഴ്ചപ്പാടിനെ വെല്ലുവിളിച്ചുവെങ്കിലും, “ഇന്ന് ഫിലെമോന്റെ ലേഖനത്തിന്റെ ആധികാരികത ലോകമെങ്ങും അംഗീകരിക്കപ്പെട്ടിരിക്കയാണ്, കാരണം ചോദ്യം ചെയ്യാവുന്ന ഗൗരവമുള്ള കാരണങ്ങളൊന്നുമില്ല.”[1]

“നമ്മുടെ സഹോദരൻ തിമൊഥെയൊസിനെ” (വാ. 1) കൂടെ അയക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. തിമൊഥെയൊസ് പൗലൊസിനോടുകൂടെ സഞ്ചരിച്ചവനും, സഹായിയും പലപ്പോഴും ഒരു സന്ദേശവാഹകനായി പ്രവർത്തിച്ചവനുമായിരുന്നു. പൗലൊസിന്റെ ആറ് ലേഖനങ്ങൾ കൊണ്ടുപോകുന്ന സഹ സന്ദേശവാഹകനായിരുന്നു അവൻ (2 കൊരിന്ത്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, 1 തെസ്സലൊനീക്യർ, 2 തെസ്സലൊനീക്യർ, ഫിലെമോൻ). തിമൊഥെയൊസിനെ “സഹ-എഴുത്തുകാരൻ” എന്നു പറയുന്നതിനേക്കാൾ കൂടുതൽ യോജിക്കുന്നത് “കൂടെ-അയക്കുന്നവൻ” എന്നായിരിക്കും കാരണം ലേഖനത്തിന്റെ ആധികാരികത വരുന്നത് പൗലൊസിൽനിന്നായിരുന്നു. വാക്യം 4-ൽ, ബഹുവചന സർവ്വനാമങ്ങൾ (“ഞങ്ങൾ,” “ഞങ്ങൾക്ക്”) എന്നതിനു പകരം ഏകവചന സർവ്വനാമങ്ങളാണ് (“ഞാൻ” “എനിക്ക്”) ഉപയോഗിച്ചിരിക്കുന്നത്. സംബോധന ചെയ്തപ്പോൾ തിമൊഥെയൊസിന്റെ പേർകൂടെ ഉൾപ്പെടുത്തിയെങ്കിലും, ലേഖനം ഫിലെമോൻ വായിച്ച് കേട്ടപ്പോൾ പൗലൊസിന്റെ “ശബ്ദത്തിലാണ്” കേട്ടത്.

## ഗുണഭോക്താക്കൾ

“പ്രിയനും കൂട്ടുവേലക്കാരനും ആയ ഫിലെമോനും, സഹോദരിയായ അപ്പിയെക്കും, ഞങ്ങളുടെ സഹോദരനായ അർക്കിപ്പൊസിനും നിന്റെ വീട്ടിലെ സഭക്കും” എന്നാണ് ലേഖനം സംബോധന ചെയ്തിരിക്കുന്നത് (വാ. 1, 2). സംബോധന ചെയ്തിരിക്കുന്ന ഓരോന്നും പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നതാണ്.

*ഫിലെമോൻ.* അവന്റെ പേരിലുള്ള ഈ പുതിയനിയമലേഖനം മുഖാന്തരം മാത്രമാണ് നാം അവനെ അറിയുന്നത്, പൗലൊസിന്റെ ശുശ്രൂഷയാൽ ക്രിസ്ത്യാനിയായി തീർന്ന ഒരു ദാസന്റെ ഉടമസ്ഥനായിരുന്നു ഫിലെമോൻ. അവൻ കൊലൊസ്യ സഭയിലെ ഒരംഗവും, ധനവാനുമായിരുന്നു (വീട്ടിൽ സഭയുള്ളവനും ദാസന്റെ-ഉടമസ്ഥനും ആയിരുന്നു). പൗലൊസ് അവനെ മൃദുവായ വാക്കുകളായ “പ്രിയ സഹോദരൻ” എന്നാണ് സംബോധന

ചെയ്തത് (വാ. 1), "സഹോദരൻ" എന്നും (വാ. 7, 20), "കൂട്ടാളി" (വാ. 17) എന്നും പറഞ്ഞിരിക്കുന്നു. പൗലൊസ് നേരിട്ടോ അതോ എപ്പഫ്രാസ് മുഖാന്തരം പരോക്ഷമായിട്ടായിരുന്നോ അവനെ സത്യം പഠിപ്പിച്ചത് എന്നത് ഉറപ്പില്ല (കൊലൊ. 1:7). അത് എന്തു തന്നെയായാലും, പൗലൊസ് ഫിലെമോനെ, "... നീ നിന്നെത്തന്നെ എനിക്കു തരുവാൻ കടപ്പെട്ടിരിക്കുന്നു" എന്നു തറപ്പിച്ചു പ്രതിപാദിച്ചിരിക്കുന്നു (വാ. 19). ദൈവരാജ്യത്തിന്നു സഹ-പ്രവർത്തകൻ എന്ന പേരിലാണ് അവൻ വളരെ കാലമായി അറിയപ്പെട്ടത് (വാ. 1). ഈ പ്രയോഗം വീണ്ടും വാക്യം 24 ൽ, എപ്പഫ്രാസ്, മർക്കൊസ്, അരിസ്തർഹൊസ്, ദേമാസ്, ലൂക്കൊസ് എന്നിവരെ വിവരിക്കുമ്പോഴും പറഞ്ഞിരിക്കുന്നത് കാണാം. ആ വാക്ക് ഉപയോഗിച്ചതിനാൽ, ഫിലെമോനെ ഒരു സഹ പ്രവർത്തകനായിട്ടാണ് പൗലൊസ് കണക്കാക്കിയിരുന്നത് എന്നത് വ്യക്തം. അവർ കുറെ കാലം തോളോടുതോൾ ചേർന്നു പ്രവർത്തിച്ചു എന്നോ അല്ലെങ്കിൽ, വ്യത്യസ്ത സ്ഥലങ്ങളിൽ ഒരേ ഉദ്ദേശത്തിനായി പ്രവർത്തിച്ചിരുന്നു എന്നോ നിർണ്ണയിക്കുക പ്രയാസം തന്നെ.

*അപ്പിയെ*. പൗലൊസ് ഈ ക്രിസ്തീയ സ്ത്രീയെ "നമ്മുടെ സഹോദരി" എന്നാണ് പറഞ്ഞത് (വാ. 2). അവൾ ഒരുപക്ഷെ ഫിലെമോന്റെ ഭാര്യയോ അല്ലെങ്കിൽ സഹോദരിയോ ആയിരുന്നേക്കാം. എങ്ങനെയായാലും, അവൾ ഫിലെമോന്റെ വീട്ടിലെ സ്വാധീനം ചെലുത്താവുന്ന ഒരു സ്ത്രീ ആയിരുന്നു എന്നു വേണം കരുതുവാൻ.

*അർക്കിപ്പൊസ്*. ഈ മനുഷ്യനെ തിരിച്ചറിയിക്കുന്നത് "നമ്മുടെ [പൗലൊസിന്റേയും തിമൊഥെയൊസിന്റേയും] സഹഭടൻ ആയിട്ടാണ്" (വാ. 2), ആ പ്രയോഗം പൗലൊസ് എപ്പഫ്രാദിത്തൊസിനു ഫിലിപ്പിയർ 2:25 ൽ ഉപയോഗിച്ചിരുന്നു. കൊലൊസ്യർ 4:17 ൽ പൗലൊസ് മർമ്മപ്രധാനമായ നിർദ്ദശങ്ങൾ അർഹിപ്പൊസിനു നൽകിയിരുന്നു: "കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കേണം." അവൻ ഒരുപക്ഷെ ഫിലെമോന്റേയും അപ്പിയെയുടേയും സഹോദരനോ അല്ലെങ്കിൽ മകനോ ആയിരുന്നേക്കാം.

*നിന്റെ വീട്ടിലെ സഭ*. ഇന്നു സഭകൾ കൂടി വരുന്നത് ആ ഉദ്ദേശത്തിനു മാത്രമായി നിർമ്മിച്ച കെട്ടിടങ്ങളിലാണ്. എങ്ങനെയായാലും, ഒന്നാം-നൂറ്റാണ്ടിൽ സഭകൾ കൂടി വന്നിരുന്നത് പൊതുവിൽ വീടുകളിയായിരുന്നു (പ്രവൃ. 2:46; 5:42). അത്തരം സന്ദർഭങ്ങളിൽ, സഭയ്ക്ക് ആതിഥേയമരുളുവാന്തക്കവിധത്തിൽ വലിപ്പമുള്ള വീടുകൾ അന്നുണ്ടായിരുന്നു. പ്രിസ്കയും അക്വിലാവും (റോമർ 16:3-5; 1 കൊ. 16:19) നുംഫെയും (കൊലൊ. 4:15) ഇതിന് ഉദാഹരണമാണ്. പൗലൊസ് ഫിലെമോന്നു ലേഖനമെഴുതിയപ്പോൾ, വീട്ടിലെ സഭയായി ഇതൊന്നിനെ മാത്രമാണ് വന്ദനം ചെയ്തിരിക്കുന്നത്.

"നിന്റെ" എന്ന് ഏകവചനത്തിൽ വാക്യം 2 ൽ പറഞ്ഞിരിക്കുന്നത്, ഒരുപക്ഷെ ഫിലെമോനെ ഉദ്ദേശിച്ച് ആയിരിക്കാം (പറഞ്ഞ ഒന്നാം വ്യക്തിയും, ലേഖനത്തിൽ പ്രാഥമികമായി പറഞ്ഞ വ്യക്തിയും). എങ്ങനെയായാലും, ഉപയോഗിച്ച ഭാഷ നോക്കുമ്പോൾ അർക്കിപ്പൊസ് ആകുവാനും സാധ്യതയുണ്ട് (സർവ്വനാമത്തിനു മുൻപ് അവസാനമായി ഉപയോഗിച്ച പേർ). അക്ഷരികമായി പൗലൊസ് എങ്ങനെ ഉദ്ദേശിച്ചാണ് സംബോധന ചെയ്തത് എന്ന ചോദ്യത്തിനാണ് ഇവിടെ പ്രസക്തി. ഫിലെമോന്റെ ലേഖനം ഒരു സ്വകാര്യലേഖനമായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

എഫ്. എഫ്. ബ്രൂസിന്റെ അഭിപ്രായമനുസരിച്ച്, സഭയുടെ മുൻപാകെ

വ്യക്തിപരമായ ചോദ്യം ഉന്നയിക്കുക എന്നത് കൗശലവും ബലാൽക്കാരവുമുള്ളതായിരുന്നേക്കാം. ബ്രൂസ് ഊന്നി പറഞ്ഞു, "ലേഖനം, സ്വകാര്യമാണ്, ഫിലെമോനെ ഉദ്ദേശിച്ചുള്ളതു മാത്രം."[2] എങ്ങനെയായാലും, സഭയുടെ ക്രിയാത്മകമായ സമ്മർദ്ദവും അപ്പൊസ്തലന്റെ മനസിൽ ഉണ്ടായിരുന്നതായി വേറെ ചിലർ കരുതുന്നു.[3] ചർച്ചയിൽ ഫിലെമോന്റെ വീട്ടിലെ മറ്റംഗങ്ങൾ മാത്രമായിരുന്നില്ല (അപ്പിയെയും അർക്കിപ്പൊസും), ഫിലെമോന്റെ വീട്ടിൽ കൂടി വന്നിരുന്ന സഭയെ മൊത്തം ക്ഷണിച്ചു വരുത്തണമായിരുന്നു. ക്രിസ്ത്യാനികളായ ദാസന്മാരും, ദാസന്മാരുടെ-ഉടമസ്ഥരായ ക്രിസ്ത്യാനികളും പ്രയാസമുള്ള ഈ വിഷയം ക്രിസ്തുവിന്റെ നാമത്തിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയേണ്ടതിനായിരുന്നു അത്.

ഫിലെമോന്റെ ലേഖനം കൈകാര്യം ചെയ്തത് സഭയെ മൊത്തം ക്ഷണിച്ചുവരുത്തിയാണെന്ന് പറയുമ്പോൾ, സങ്കീർണ്ണമായ ഒരു സ്വകാര്യപ്രശ്നമായിരുന്നു അവർ നേരിട്ടത് എന്നു സ്പഷ്ടം. ക്രിസ്തീയ വിശ്വാസം വ്യക്തിപരമാണ്, പക്ഷെ സ്വകാര്യമല്ല. കൊലൊസ്യ സഭ പൗലൊസ് തനിക്ക് എഴുതിയ ലേഖനം വായിച്ചു കേട്ടപ്പോൾ, ഫിലെമോൻ അതു മനസിലാക്കിയിരിക്കും! പിന്നെ ഫിലെമോനുള്ള ലേഖനം പരസ്യമാക്കിയ രഹസ്യലേഖനമായി മാറി.

## ഫിലെമോനും കൊലൊസ്യസഭയും

ഫിലെമോനും കൊലൊസ്യ സഭക്കും പൗലൊസ് രണ്ട് ലേഖനങ്ങൾ എഴുതിയത് ഒരേസമയത്ത്, ഒരേ പട്ടണത്തിലേക്ക്, ഒരേ ആളുകളാൽ എത്തിച്ചവയായിരുന്നു.

| വ്യക്തി | കൊലൊസ്യർ | ഫിലെമോൻ |
|---|---|---|
| എപ്പഫ്രാസ് | 1:7; 4:12 | വാ. 23 |
| ഒനേസിമോസ് | 4:9 | വാ. 10 |
| അരിസ്തർഹൊസ് | 4:10 | വാ. 24 |
| മർക്കൊസ് | 4:10 | വാ. 24 |
| ലൂക്കൊസ് | 4:14 | വാ. 24 |
| ദേമാസ് | 4:14 | വാ. 24 |

രണ്ടു ലേഖനങ്ങളുടേയും ശക്തമായ ബന്ധം കൊലൊസ്യർ 4:7–9:

> എന്റെ അവസ്ഥ ഒക്കെയും കർത്താവിൽ പ്രിയ സഹോദരനും, വിശ്വസ്ത ശുശ്രൂഷകനും, സഹഭൃത്യനുമായ തിഹിക്കൊസ് നിങ്ങളോട് അറിയിക്കും. നിങ്ങൾ ഞങ്ങളുടെ അവസ്ഥ അറിവാനും അവൻ നിങ്ങളുടെ *ഹൃദയങ്ങളെ ആശ്വസിപ്പിപ്പാനുമായി* ഞാൻ അവനെ *നിങ്ങളിൽ ഒരുത്തനായ ഒനേസിമോസ്* എന്ന വിശ്വസ്തനും പ്രിയനുമായ സഹോദരനോടുകൂടെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഇവിടത്തെ അവസ്ഥ ഒക്കെയും അവർ നിങ്ങളോട് അറിയിക്കും (എംഫസിസ് ആഡഡ്.)

*അവരെ ഒരുമിച്ച്*, എന്നതുകൊണ്ട്, തിഹിക്കൊസിനേയും ഒനേസിമോസിനേയും അയക്കുന്നത് രണ്ട് ലേഖനങ്ങൾ കൊടുത്തായിരുന്നു, അതിൽ ഒന്ന്

കൊലൊസ്യ സഭയ്ക്ക് മുഴുവനായും, പിന്നെ ഒന്ന് കൊലൊസ്യ സഭയിലെ അംഗമായിരുന്ന ഫിലെമോന് പ്രത്യേകമായി കൊടുക്കുവാനുള്ളതുമായിരുന്നു.

## എഴുതിയ സ്ഥലവും തീയതിയും

ഫിലെമോനുള്ള ലേഖനവും, എഫെസ്യ, ഫിലിപ്പിയ, കൊലൊസ്യ എന്നീ ലേഖനങ്ങളും "തടവു ലേഖനങ്ങൾ" എന്നാണ് അറിയപ്പെടുന്നത്. ആന്തരിക തെളിവുകൾ വെച്ചു നോക്കിയാൽ ഫിലെമോനുള്ള ലേഖനം തടവിൽ വെച്ചായിരുന്നു എഴുതിയത് എന്ന കാര്യം ചോദ്യം ചെയ്യപ്പെടാവുന്നതല്ല (വാ. 1, 9, 10, 13, 23). പ്രവൃത്തികൾ 28:30, 31 ൽ വിവരിച്ച പ്രകാരം, പൗലൊസ് റോമിൽ തടവിലായിരുന്നപ്പോഴായിരുന്നു നാല് തടവു ലേഖനങ്ങളും എഴുതിയത് എന്നാണ് പാരമ്പര്യം പറയുന്നത്. അത് അങ്ങനെ തീർച്ചപ്പെടുത്താമെങ്കിൽ, ഫിലെമോന്റെ ലേഖനം എഴുതപ്പെട്ടത് ഏകദേശം ഏ. ഡി. 60 നും 62 നും ഇടക്ക് പൗലൊസ് റോമിൽ വെച്ച് കൈസരെ അഭയം തേടി കാത്തിരുന്നപ്പോഴായിരിക്കാം.

റോമിൽനിന്നു കൊലൊസ്യയിലേക്കുള്ള ദൂരം ആയിരം മൈൽ ആകയാൽ, ഒനേസിമോസിന് അത്രയും ദൈർഘ്യമേറിയ യാത്ര പ്രയാസമായിരുന്നേക്കാം എന്നാണ് പല വ്യാഖ്യാതാക്കളും കരുതുന്നത്. റോമിനു പകരം കൈസര്യയോ എഫെസൊസൊ ആയിരിക്കാം എന്നാണ് അവർ കരുതുന്നത്. കൈസര്യയിലെ പൗലൊസിന്റെ തടവിനെ കുറിച്ച് പ്രവൃത്തികൾ 23:31–27:1 ൽ പറഞ്ഞിരിക്കുന്നത് ഏകദേശം ഏ. ഡി. 57 നും 59 നും ഇടക്ക് സംഭവിച്ചിരിക്കാം. എഫെസൊസിലെ തടവിനെ സംബന്ധിച്ച് പുതിയ നിയമം പ്രത്യേകമായി പറയുന്നില്ല, പക്ഷെ അത് ഏ. ഡി. 52 നും 54 നും ഇടക്ക് സംഭവിച്ചിരിക്കാം (അതിനെ കുറിച്ചു പറയുന്ന പേജുകൾ നോക്കുക).

എഫെസൊസിലെത്തുവാൻ ഒനേസിമോസിന് ഏകദേശം ഒരാഴ്ച്ച യാത്ര ചെയ്യണമായിരുന്നു, എന്നാൽ കൈസര്യയിലേക്ക് അതിലും കൂടുതൽ യാത്ര ചെയ്യണമായിരുന്നു. പക്ഷെ റോമിലേക്ക് പോകുകയാണെങ്കിൽ, വളരെ അധികം ദൂരമുണ്ടായിരുന്നു, റോമിന്റെ വലിപ്പം നോക്കിയാൽ, അവന് അവിടെ ചെന്ന് പൗലൊസിനെ കണ്ടുപിടിക്കുക എന്നതും വളരെ പ്രയാസമേറിയ ദൗത്യമാകുമായിരുന്നു. എങ്ങനെയായാലും, പട്ടണത്തിന്റെ വലിപ്പവും ദീർഘ യാത്രയും കാരണമാകാം ഒനേസിമോസ് അവിടേക്ക് പോയത്. ഓടിപ്പോയ ദാസൻ എന്ന നിലയിൽ ഒനേസിമോസ് പോകുവാൻ ആഗ്രഹിച്ച സ്ഥലമാകാം കൊലൊസ്യയിൽ നിന്നു വളരെ ദൂരെയുള്ള റോം.

ഫിലെമോനുള്ള ലേഖനം ഒന്നുകിൽ എഫെസൊസിൽ നിന്ന് അല്ലെങ്കിൽ കൈസര്യയിൽനിന്നും പൗലൊസ് എഴുതിയതാകാം എന്നു തെളിവുകളുടെ അടിസ്ഥാനത്തിൽ പറയാം, ആ വ്യാഖ്യാനം ലേഖനം കൊടുത്തയച്ചത് ഏ. ഡി. 60 ൽ റോമിൽനിന്നുമാണ് ലേഖനം കൊടുത്തയച്ചത് എന്ന കാഴ്ച്ചപ്പാടിലുള്ളതാണ്. അത് എഴുതിയപ്പോൾ പൗലൊസ് തടവിലായിരുന്നു എന്നതിന്റേയോ അല്ലെങ്കിൽ ലേഖനം സംയോജിപ്പിച്ച തീയതിയുടേയോ അടിസ്ഥാനത്തിലുള്ളതല്ല ഫിലെമോന്റെ ലേഖന വ്യാഖ്യാനം. ഏതാണ്ട് ഒന്നാം നൂറ്റാണ്ടിന്റെ പകുതിയായപ്പോൾ, ഒനേസിമോസ് കൊലൊസ്യയിലേക്ക് മടങ്ങിച്ചെന്നു തന്റെ ഉടമസ്ഥന് അത് കൈമാറിയപ്പോൾ സന്ദേശത്തിന്റെ ശക്തി ഒട്ടും കുറയുന്നതായിരുന്നില്ല പൗലൊസിനെ അവൻ റോമിൽ വെച്ചോ, കൈസര്യയിൽ വെച്ചോ,

അല്ലെങ്കിൽ എഫെസൊസിൽ വെച്ചോ കണ്ടു എന്നത്.

## ഏ. ഡി. ഒന്നാം നൂറ്റാണ്ടിലെ അടിമത്വം

ഒന്നാം നൂറ്റാണ്ടിലെ റോമാ സാമ്രാജ്യത്തിൽ അടിമത്വ സമ്പ്രദായം നിലനിന്നിരുന്നു. അന്ന് മൊത്തം ജനസംഖ്യയുടെ മൂന്നിൽ ഒന്നിലധികം പേർ അടിമകളായിരുന്നു. പല കാരണങ്ങൾ നിമിത്തമായിരുന്നു ഒരാൾ അടിമയായി തീർന്നത്: (1) യുദ്ധത്തിലെ പരാജയം, (2) കടൽക്കൊള്ളക്കാരാൽ പിടിക്കപ്പെടൽ, (3) കടം കൊടുത്തു തീർക്കുവാനായി സ്വയം-വിൽപന നടത്തൽ, (4) കടം നിമിത്തം കൊടതി വിധിക്കൽ, (5) കടത്തിനായി വിട്ടുകൊടുക്കുന്ന ആവശ്യമില്ലാത്ത കുട്ടി, (6) അടിമയായ അമ്മക്ക് ജനിക്കുന്ന ശിശു.[4] ഒന്നാം നൂറ്റാണ്ടിലെ അടിമകളിലധികവും അടിമത്വത്തിലേക്ക് ജനിച്ചു വീണവരായിരുന്നു. പലരുടേയും അപ്പന്മാർ ദാസന്മാരുടെ ഉടമസ്ഥരും അമ്മമാർ ദാസികളുമായിരുന്നു.

ഒരു അടിമക്ക് അവന്റെ യജമാന-നിൽനിന്നു ലഭിച്ച പെരുമാറ്റത്തെ ആസ്പദമാക്കിയായിരുന്നു അവന്റെ സ്വഭാവ വിശേഷത രൂപപ്പെട്ടിരുന്നത്. റോമൻ നിയമം അനുസരിച്ച് അടിമകളെ മനുഷ്യരായി കണ്ടിരുന്നു, എന്നാൽ "നിയമപരമായ വ്യക്തികളായി" കണ്ടിരുന്നില്ല. നിയമപരമായി, അടിമകൾക്ക് വിവാഹം കഴിക്കുവാനോ, കുടുംബം ഉണ്ടാകുവാനോ, അവകാശമുന്നയിക്കുവാനോ കഴിഞ്ഞിരുന്നില്ല. ക്രൂരകൃത്യങ്ങൾക്ക് അവരുടെ യജമാനന്മാരേക്കാൾ കടുത്ത ശിക്ഷ അടിമകൾക്ക് ലഭിച്ചിരുന്നു, എന്നാൽ അവർക്ക് കോടതിയിൽ പോകുവാൻ കഴിഞ്ഞിരുന്നില്ല.[5]

ചിലപ്പോൾ അടിമത്വം എന്നത് ഭീതിജനകമായ സ്ഥിതിയായിരുന്നു. എങ്ങനെയായാലും, പല അടിമകൾക്കും നല്ല പെരുമാറ്റം ലഭിക്കുകയും മുപ്പതു വയസായപ്പോഴേക്കും സ്വതന്ത്ര്യവും ലഭിച്ചിരുന്നു. ഒന്നാം-നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തിൽ, അടിമത്വത്തെ ഭയാനകമായ തരം താഴ്ത്തലായി കരുതിയിരുന്നില്ല; സാമ്പത്തികമായും, സംസ്ക്കാരപരമായും അത് ആവശ്യമാണെന്ന കാഴ്ച്ചപ്പാടിലായിരുന്നു ആളുകൾ. സാധാരണ, ചന്ത-സ്ഥലങ്ങളിൽ അടിമകളെയും, അടിമകൾ-അല്ലാത്തവരെയും തമ്മിൽ വേർതിരിച്ചറിയുക പ്രയാസമായിരുന്നു, കാരണം രണ്ടുകൂട്ടരും ഒരേ ജോലിയായിരുന്നു ചെയ്തിരുന്നത്. പ്രത്യേകമായി അടിമകൾ തങ്ങളുടെ യജമാനന്മാരിൽനിന്നും ശാരീരികമായും ബുദ്ധിപരമായും കുറഞ്ഞവരായിരുന്നില്ല. പലരും നല്ല വിദ്യാഭ്യാസമുള്ളവരും അദ്ധ്യാപകരായി ജോലി ചെയ്തവരും ആയിരുന്നു. ചില സാഹചര്യത്തിൽ അടിമകൾ, അടിമകളുടെ-ഉടമസ്ഥരുമായിരുന്നു.

ആദ്യ സഭയിൽ ദാസന്മാരുള്ള-യജമാനന്മാരുണ്ടായിരുന്നതായിട്ടാണ് പുതിയനിയമത്തിൽ നൽകുന്ന സൂചന (എഫെ. 6:5-9; കൊലൊ. 3:22-4:1). സത്യസന്ധതയോടെ കഠിനാ-ദ്ധ്വാനം ചെയ്യുവാനായിരുന്നു ദാസന്മാരോട് നിർദ്ദേശിച്ചിരുന്നത്, എന്നാൽ, അവരോട് ന്യായവും നീതിയും പ്രവർത്തിച്ച് മുഖപക്ഷം കാണിക്കരുതെന്നായിരുന്നു യജമാനന്മാരോട് നിർദ്ദേശിച്ചിരുന്നത്. സകല മനുഷ്യരുടേയും യജമാനൻ കർത്താവാണെന്നു ദാസന്മാരും യജമാനന്മാരും തിരിച്ചറിയണമായിരുന്നു (കൊലൊ. 4:1). അടിമത്വത്തെ പുതിയ നിയമത്തിൽ ഖണ്ഡിച്ചിട്ടില്ല, എങ്കിലും ക്രിസ്തുവിന്റെ സുവിശേഷം പുരോഗതി പ്രാപിച്ച ശേഷം ക്രമേണ ലോകത്തിന്റെ പല ഭാഗത്തുമുണ്ടായിരുന്ന

അടിമത്വസമ്പ്രദായത്തിനു മാറ്റം വന്നു. മൈക്കിൾ ആർ. വീഡ് ഇങ്ങനെ നിരീക്ഷിച്ചു, “ലോകത്തിൽ അടിമത്വവും അനീതിയും നിലനിന്നിരുന്നതിനാൽ, പ്രാരംഭ സഭക്ക് ലോകത്തിൽ താൽക്കാലിക സമാധാനം വരുത്തുവാനേ കഴിഞ്ഞുള്ളു, പക്ഷെ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചത് സ്വാതന്ത്ര്യവും തുല്യതയുമായിരുന്നു.”[6] അടിമത്വ പരിശീലനവും ക്രിസ്തീയ സാഹോദര്യത്തിലേക്കുള്ള ക്ഷണവും നടന്ന പശ്ചാത്തലത്തിലായിരുന്നു ഫിലെമോന്ന് പൗലൊസ് ലേഖനം എഴുതിയത്.

**ചുരുങ്ങിയ ഒരു ബാഹ്യരൂപരേഖ**

I. വന്ദനം (വാ. 1-3)
II. സ്തോത്രവും പ്രാർത്ഥനയും (വാ. 4–7)
III. ഒനേസിമോസിനു വേണ്ടിയുള്ള പൗലൊസിന്റെ അപേക്ഷ (വാ. 8–20)
IV. ഉപസംഹാരം (വാ. 21–25)

---

കുറിപ്പുകൾ

[1]ജോസെഫ് ഏ.ഫിറ്റ്സ്മയർ, *ദ ലെറ്റർ ടു ഫിലെമോൻ*, ദ ആങ്കർ ബൈബിൾ, വാല്യം. 34സി (ന്യൂയോർക്ക്: ഡബിൾഡേ, 2000), 8. [2]എഫ്. എഫ്. ബ്രൂസ്, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ്, ടു ഫിലെമോൻ, ആന്റ് ടു ദ എഫെഷ്യൻസ്, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി.,1984), 206. [3]ലേഖനം ഇടവകക്ക് മുഴുവനായും എഴുതിയതാണെന്ന് വിശ്വസിക്കുന്നവരിൽ ഫിറ്റ്സ്മയറും, മാർക്കസ് ബാർത്തും ഹെൽമസ്റ്റ് ബ്ലാങ്കും ഉൾപ്പെടുന്നു. *ദ ലെറ്റർ ടു ഫിലെമോൻ*: ഏ ന്യു ട്രാൻസ്ലേഷൻ വിത്ത് നോട്ട്സ് ആന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 2000); ജെയിംസ് ഡി. ജി. ഡൻ. ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ: *ഏ കമെന്ററി ഓൺ ദ ഗ്രീക്ക് ടെക്സ്റ്റ്. ദ ന്യു ഇന്റർനാഷ്ണൽ ഗ്രീക്ക് ടെസ്റ്റമെന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1996); ആന്റ് നോർമാൻ ആർ. പീറ്റർസെൻ, “ഫിലെമോൻ,” *ഇൻ ദ ഹാർപർ കോളിൻസ് ബൈബിൾ കമെന്ററി*, എഡി. ജെയിംസ് ലൂഥർ മേയ്സ് (സാൻ ഫ്രാൻസിസ്കോ, കാലിഫ്.: ഹാർപർ സാൻ ഫ്രാൻസിസ്കോ, 2000), 1146–48. [4]ബാർത്ത് ആന്റ് ബ്ലാങ്ക്, 5–8. [5]എസ്. എസ്. ബാറ്റ്ചി, “സ്ലേവറി,” *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1988), 4:544. [6]മൈക്കിൾ ആർ. വീഡ്, *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ എഫെഷ്യൻസ്, ദ കൊലൊഷ്യൻസ്, ആന്റ് ഫിലെമോൻ*, ദ ലിവിങ് വേർഡ് കമെന്ററി, വാല്യം. 11 (അബിലീൻ, ടക്സ്.: ഏസിയു പ്രസ്, 1971), 12.